II. അടിയന്തിരപ്രമേയം

കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു അഭിഭാഷകനെ പോലീസ് ഇൻസ്പെക്ടർ മർദ്ദിക്കുകയും തടങ്കലിൽ വയ്ക്കുകയും ചെയ്ത സംഭവം

മി. സ്പീക്കർ: കേരള ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു അഭിഭാഷകനായ ശ്രീ. ഓമല്ലൂർ ശങ്കരനെ എറണാകുളം
9.30 A.M.] ഡിവിഷണൽ പോലീസ് ഇൻസ്പെക്ടർ മർദ്ദിക്കുകയും തടങ്കലിൽവയ്ക്കുകയും ചെയ്ത സംഭവത്തിൽനിന്ന് ഉളവായിരിക്കുന്ന ഗുരുതരാവസ്ഥയെകുറിച്ച് ചർച്ചചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇന്നലെ രാവിലെ എറണാകുളത്തെ അഡ്വക്കേറ്റായ ശ്രീ. പരിപൂർണ്ണൻ ഐ. ജി. ആഫ് പോലീസിനെ ടെലഫോണിൽവിളിച്ച് ഒരു വാർത്ത അറിയിക്കുകയുണ്ടായി. തന്റെ ജൂനിയർ ആയ ശങ്കരനെ ഒരു പോലീസ് ആഫീസർ എറണാകുളം ഷേണായി തിയേറ്ററിൽവച്ച് മർദ്ദിച്ചു എന്ന്. സർ, അങ്ങനെ ഈ മെസേജ് കിട്ടിയ ഉടനെ ഐ. ജി. ആഫ് പോലീസ് സിറ്റി കമ്മീഷണറുടെ ചാർജ് വഹിക്കുന്ന എറണാകുളം റൂറൽ എസ്. പി. യോട് ഒന്ന് അന്വേഷിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഉടനെതന്നെ ഈ അന്വേഷണോദ്യോഗസ്ഥൻ ഇന്നലെ ആശുപത്രിയിൽചെന്ന് ശ്രീ. ശങ്കരനെ കാണുകയും ആശുപത്രിയിൽവച്ച് അഡ്വക്കേറ്റ് ശങ്കരന്റെ മൊഴി രേഖപ്പെടുത്തുകയും ആ മൊഴിയുടെ അടിസ്ഥാനത്തിൽ ഈ ഡിവിഷണൽ ഇൻസ്പെക്ടറെ പ്രതിയാക്കി ഒരു ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. മിനിഞ്ഞാന്ന് രാത്രി 11 മണിയോടുകൂടി ഷേണായി തിയേറ്ററിൽ സിവിൽ ഡ്രസ്സിൽ ഇരുന്ന ഡിവിഷണൽ ഇൻസ്പെക്ടർ, അഡ്വക്കേറ്റ് ശ്രീ. ശങ്കറിനെ മുഖത്തും പുറത്തും അടിക്കുകയും ബലമായി പോലീസ് ജീപ്പിൽ കയറ്റി എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുകയും സെൻട്രൽ പോലീസ് സ്റ്റേഷനിൽനിന്നും ഡിസ്ട്രിക് ആശുപത്രിയിലേക്ക് അയയ്ക്കുകയും അവിടെ മെഡിക്കൽ പരിശോധനയ്ക്കുശേഷം വീണ്ടും സ്റ്റേഷനിൽ കൊണ്ടുവരികയും പിറേറന്ന് കാലത്ത്, അതായത് ഇന്നലെ കാലത്ത് ഏഴ് മണിയോടുകൂടി വിട്ടയക്കുകയുംചെയ്തു എന്നാണ് അഡ്വക്കേറ്റ് ശങ്കരന്റെ പരാതി. എന്നാൽ ഇതിന് ഒരു മറുവശം കൂടിയുണ്ട്. ഡിവിഷണൽ ഇൻസ്പെക്ടർ പറയുന്നത് 3-4-79, മിനിഞ്ഞാന്ന് രാത്രി ഷേണായി തിയേറ്ററിൽവച്ച് മദ്യപിച്ച് ബഹളം ഉണ്ടാക്കിയതായും, ബഹളം ഉണ്ടാക്കിയതായി കണ്ടതിനാൽ അദ്ദേഹത്തെ അറസ്റ്റുചെയ്ത് സ്റ്റേഷനിൽ കൊണ്ടുപോയി ആശുപത്രിയിൽ പരിശോധനയ്ക്ക് അയച്ചു, തിരികെ സ്റ്റേഷനിൽ കൊണ്ടുവന്നു, വിട്ടയച്ചതായിട്ടാണ് ഡിവിഷണൽ ഇൻസ്പെക്ടറുടെ വെർഷൻ. ഇതിന്റെ അടിസ്ഥാനത്തിൽ ശങ്കരന്റെ പേരിൽ മദ്യപിച്ച് ബഹളം ഉണ്ടാക്കിയതിന് പോലീസ് ആക്ട് 51-ാം വകുപ്പുപ്രകാരം ഒരു പെറ്റി കേസ് എടുത്തിട്ടുമുണ്ട്. മെഡിക്കൽ പരിശോധനയിൽ ശങ്കരൻ എന്തോ ലഹരിപദാർത്ഥം കഴിച്ചതായ റിപ്പോർട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. സർ, ഈ രണ്ടു വെർഷൻ ഉണ്ടെങ്കിൽ തന്നെയും ഒരു അഭിഭാഷകനെ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഹീനമായി മർദ്ദിച്ചു എന്ന് പരാതി ഉണ്ടാകുകയും അദ്ദേഹം ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയും ചെയ്യുന്ന പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഗവൺമെന്റ് ഇതിനെ ഗൗരവമായി വീക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ അന്വേഷണം ആരംഭിക്കുകയും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പുറമേ ഒരു അന്വേഷണം ഉണ്ട്. അന്വേഷണത്തിന് വിധേയമായി ഇന്നലെതന്നെ ഡിവിഷണൽ ഇൻസ്പെക്ടറെ സസ്പെൻഷനിൽ നിർത്തിയിരിക്കുകയാണ്. സർ, ഇതിൽ കൂടുതൽ ഗവൺമെന്റിന് ഈ വിഷയത്തിൽ ഒന്നും ചെയ്യാൻ ഇല്ല. അന്വേഷണം പൂർത്തിയായി വരട്ടെ. തീർച്ചയായും നിർഭാഗ്യകരമായ ഒരു സംഭവമാണ്. സത്യങ്ങളും വസ്തുതകളും പുറമേ വരേണ്ടതായിട്ടുണ്ട്. എന്തായാലും ഇത്രയും ഉത്കണ്ഠയുള്ള വിഷയം എന്ന നിലയിൽ ഗവൺമെന്റ് ഇതിനെ കാണുകയും നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സഭ നിറുത്തിവച്ച് ഇത് ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ഡിവിഷണൽ ഇൻസ്പെക്ടർ ഇതിനുമുമ്പും ഇതുപോലെ മർദ്ദനം നടത്തി രണ്ടുപ്രാവശ്യം സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുള്ള ആളാണ്. ഈ വക്കീൽ മദ്യപിച്ച് ബഹളമയം തെരുവിലഹളയും ഉണ്ടാക്കിയിട്ടില്ല. മൂത്രം ഒഴിക്കാൻ പോകുന്നതിനുവേണ്ടി അദ്ദേഹം പുറത്തേക്ക് ഇറങ്ങിയപ്പോൾ അടുത്ത സീറ്റിൽ ഇരുന്നിരുന്നതാണ് ഈ ഡിവിഷണൽ ഇൻസ്പെക്ടർ. അദ്ദേഹം ഈ ഡിവിഷണൽ ഇൻസ്പെക്ടറോട് വാതിൽ ഒന്ന് തുറന്നുതരണമെന്നു പറഞ്ഞു. വാതിൽ തുറന്നുകൊടുത്തു. അതിനുശേഷം എന്നോട് വാതിൽ തുറക്കാൻ പറയാൻ നീ ആരെടാ എന്നുചോദിച്ചുകൊണ്ട് അവിടെവച്ച് അദ്ദേഹത്തെ അടിച്ചു. മദ്യപിച്ച് ബഹളം ഉണ്ടാക്കിയിട്ടില്ല. എന്നിട്ട് ജീപ്പിൽ കയറി കൊണ്ടുപോയി. ഗവൺമെന്റ് പ്ലീഡർ പരിപൂർണ്ണന്റെ ജൂനിയർ വക്കീലാണ്. അതുകൊണ്ട് എന്നെ മർദ്ദിക്കരുതെന്ന് പറഞ്ഞപ്പോൾ എന്നേക്കാൾ വലിയ പരിപൂർണ്ണൻ ആരെടാ എന്നു ചോദിച്ചുകൊണ്ട് അയാളെ മർദ്ദിച്ചു. ഇയ്യാളാണോ വലിയ പരിപൂർണ്ണൻ? ആശുപത്രിയിൽ കൊണ്ടുപോയി ടെസ്റ്റ് നടത്തി. അതിനുശേഷം ഇയാൾ മദ്യപിച്ചിട്ടുണ്ടെന്നുള്ള വിവരമൊന്നും ഇല്ല. അതെല്ലാം അന്നേ കെട്ടിച്ചമച്ചതാണ്. മന്ത്രി കെട്ടിച്ചമച്ചതെന്നല്ല. അതിനുശേഷം ഇന്നലെ കേരളാ ഹൈക്കോടതിയുടെ ചരിത്രത്തിലാദ്യമായി കോടതി ബഹിഷ്കരിച്ച് വക്കീലൻമാർ ജാഥയായി കളക്ടറേറ്റിൽ പോയി കോൺഫറൻസ് ഹാളിൽവച്ച് ഈശ്വരയ്യരുടെ നേതൃത്വത്തിൽ ധർണ്ണാ കൊടുത്തു. അവർ ഉന്നയിച്ചിട്ടുള്ള ആവശ്യം, സർ, ഇങ്ങനെ സസ്പെൻഡ് ചെയ്താൽപോരാ ജില്ലാ ജഡ്ജിയിൽ താഴെയല്ലാത്ത ഒരാളെവച്ച് അന്വേഷണം നടത്തണം, അല്ലാതെ ഞങ്ങടെ ഈ പ്രക്ഷോഭണം അവസാനിപ്പിക്കുകയില്ല എന്നാണ്. കാരണം ഇത് ആദ്യത്തെ കാര്യമല്ല. ഇതിനുമുമ്പ് കിടന്നുറങ്ങിയ ഒരു വക്കീലിനെ ഇയാൾ അറസ്റ്റുചെയ്തു കൊണ്ടുപോയി. ഇപ്പോൾ ക്രിമിനൽ കേസ് ചാർജ്ജ്ചെയ്തു എന്നതുകൊണ്ട് അയാളുടെ ഈ തോന്ന്യാസത്തിന് അറുതിവരാൻ ഇടയില്ല. അതുകൊണ്ട് അഡ്വക്കേറ്റ് അസോസിയേഷന്റെയും മറ്റ് ആളുകളുടേയും അഭിപ്രായം ആദരിച്ചും അവിടത്തെ പ്രക്ഷോഭണം നിൽക്കണമെന്നുണ്ടെങ്കിലും വക്കീലൻമാർ അടക്കം ഉള്ള ആളുകൾക്ക് നീതി ലഭിക്കുമെന്ന് ഒരു ഉറപ്പ് വരുത്തണമെന്നുണ്ടെങ്കിലും സസ്പെൻഡ് ചെയ്ത നിറുത്തിയാൽ പോരാ ക്രിമിനൽ കേസ് ചാർജ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്താൽമാത്രം പോരാ, ജില്ലാ ജഡ്ജിയിൽ താഴെയല്ലാത്ത ഒരു ജഡ്ജിയെവച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനുള്ള ഉത്തരവ് കൂടി വേണം. അതുകൊണ്ടാണ് ഇത് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ഇദ്ദേഹത്തിന്റെ പേരുതന്നെ ഒരു പിഴച്ചപേരാണ്. 'ബെൻസിഗർ' ഞാൻ കേട്ടിട്ടില്ല. രണ്ടുപ്രാവശ്യം ഇതിനുമുമ്പ് സസ്പെൻഡ് ചെയ്യപ്പെട്ടിട്ടുള്ള ആളാണ്. അതുകൊണ്ട് മറുഭാഗം പറഞ്ഞത് നിർഭാഗ്യകരമായി. അത് പറയേണ്ടിയിരുന്നില്ല. ഇത്രയും കുഴപ്പം പിടിച്ച ഇയാളെ സസ്പെൻഡുചെയ്തത് നിറുത്തിയതിന് പുറമേ ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ കൊടുക്കണമെന്നാണ് പറയുന്നത്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പേരിന്റെ സാരസ്യമോ പ്രക്ഷോഭണത്തിന്റെ കാര്യമോ മറ്റ് കാര്യങ്ങളോ ഇതിന്റെ നിജസ്ഥിതിയോ ഇതൊന്നും ഞാൻ കടന്നുചർച്ചചെയ്യുന്നില്ല. എന്തായാലും ഇത് ഗുരുതരമായ ഒരു കാര്യമാണ്. ഒരു അഭിഭാഷകൻ ഈ നിലയ്ക്ക് പരാതിപ്പെടുകയും മർദ്ദനം ഏൽക്കുകയും—മുമ്പ് ഒരു വക്കീലിനെ അറസ്റ്റുചെയ്തു എന്നുപറഞ്ഞു — മുമ്പ് വക്കീലിനെ അറസ്റ്റ് ചെയ്തതിൽ പരാതിയില്ല, അപമര്യാദയായി പെരുമാറി എന്ന് പരാതിയില്ല. അറസ്റ്റുചെയ്തു എന്നുള്ള ടെക്നിക്കൽ സബ്ജക്ട് മാത്രമെ ഉള്ളൂ. ഇവിടെ അതല്ല, ഇവിടെ ഒരു അഭിഭാഷകൻ തന്നെ മർദ്ദിച്ചു എന്ന പരാതി കൊടുത്ത പരിതഃസ്ഥിതിയിൽ പോലീസ് ഇൻസ്പെക്ടർമാരുടെ പേരിൽ ക്രിമിനൽ കേസ് ചാർജ്ജ്ചെയ്ത അയാളെ സസ്പെൻഷനിൽ നിറുത്തിക്കൊണ്ട് എൻക്വയറി നടത്തുകയാണ്. ഇതിൽ കൂടുതൽ മാനമായി ഗവൺമെന്റിന് എന്ത് ചെയ്യാനുണ്ട്. തീർച്ചയായും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഞാൻ ഉറപ്പ് നൽകാം. ഇത് എനിക്ക് വേദനയുള്ള കാര്യമാണ്. വളരെയധികം സങ്കടമുള്ള കാര്യമാണ്. നിഷ്പക്ഷമായി ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടക്കും. ഇപ്പോൾ പ്രാഥമികമായി ഇത്രയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ അടിയന്തിരപ്രമേയം ചർച്ചചെയ്യേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ഈ കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച സത്വര നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് ഞാൻ അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

തീപ്പെട്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സമരംമൂലമുള്ള ഗുരുതരാവസ്ഥ

ശ്രീ. എസ്. ത്യാഗരാജൻ: സർ, കൊല്ലത്ത് പതിനായിരത്തോളം വരുന്ന മാച്ച് ഫാക്ടറി തൊഴിലാളികൾ ഇന്ന് ഒരു പണിമുടക്കിലാണ്. ഏതാണ്ട് 90 ശതമാനം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ആ വ്യവസായത്തിലെ തൊഴിലാളികൾ ഇന്ന് പണിമുടക്കിയിട്ട്, ഈ തിരുവനന്തപുരം നഗരത്തിലെത്തി സെക്രട്ടറിയേറ്റിന്റെ പടിക്കൽ ധർണ

LIBRARY ARCHIVES Kerala Legislative Assembly